(ബി) ഗ്രാമപഞ്ചായത്തുകളുടെ റോഡ് ടാറിംഗ് നിർമ്മാണ പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ എന്നിവയ്ക്ക് തടസ്സം നേരിട്ടിരുന്നു. ചില ഗ്രാമപഞ്ചായത്തുകളിൽ ദൈനംദിന പ്രവർത്തനങ്ങളും തടസ്സപ്പെട്ടിരുന്നു.

(സി)&(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1999-2000-ലെ റൂറൽപൂൾ ഗ്രാന്റ് തുകയായ 25,55,59,889 രൂപ വിതരണം ചെയ്തു. 2000-01, 2001-02, 2002-03 വർഷങ്ങളിൽ ട്രഷറി നിയന്ത്രണം കാരണം റൂറൽപൂൾ ഗ്രാന്റ് ഇനത്തിൽ കുടിശ്ശികയായിരുന്ന 72,37,62,199 രൂപയും വി.റ്റി.സി. ഇനത്തിൽ കുടിശ്ശികയായിരുന്ന 96,16,00,000 രൂപയും ഗ്രാമപഞ്ചായത്തുകൾക്ക് ചെക്കായി വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചെക്കുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയ്ക്ക് കൈമാറിയ അധികാരങ്ങൾ

94 (1563) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റ് ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവകൾക്ക് കൈമാറിയ അധികാരങ്ങൾ എന്തെല്ലാം ; ഓർഡറുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഇറയിൽ ഈ ഗവൺമെന്റ് ഏതെല്ലാം അധികാരങ്ങൾ റദ്ദ് ചെയ്തു ; എന്തെല്ലാം അധികാരങ്ങൾ അധികമായി ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് നൽകി ; ഓർഡറുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഈ ഗവൺമെന്റ് പഞ്ചായത്തു നിയമങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ;

(ഡി) പഞ്ചായത്ത് നിയമത്തിന്റെയും ഈ ഗവൺമെന്റ് മാറ്റം വരുത്തിയ നിയമങ്ങളുടെയും പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ത്രിതല പഞ്ചായത്തുകൾക്ക് 18-9-1995 ജി.ഒ.(പി.)നമ്പർ 189/95/തസ്വഭവ ഉത്തരവ് പ്രകാരമാണ് വിവിധ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും കൈമാറിയിട്ടുള്ളത്. പകർപ്പ്* അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ബി) അധികാരങ്ങൾ ഒന്നും റദ്ദ് ചെയ്തിട്ടില്ല.

(സി&ഡി) പഞ്ചായത്ത് രാജ് നിയമത്തിൽ ഓംബുഡ്സ്മാൻ സംബന്ധിച്ച വ്യവസ്ഥകളിലും തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന അംഗങ്ങളുടെ സത്യപ്രതിജ്ഞ സംബന്ധിച്ച വ്യവസ്ഥകളിലും ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly